ശ്രീ. പി. കെ. വേലായുധൻ: ബഹുമാനപ്പെട്ട അംഗം കൂടി ബോർഡ് മെമ്പറായിട്ടുള്ള കെ. എസ്. ആർ. ടി. സി. യെക്കുറിച്ചാണ് പറയുന്നത്. 1984 ആഗസ്റ്റ് മാസം ഈ തീരുമാനമെടുക്കുമ്പോൾ അഞ്ച് ട്രാൻസ് മൊബൈൽ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. അതിൽ ചില ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിന് 18,746 രൂപയും വാഹനങ്ങൾ വാങ്ങിക്കുന്നതിലേക്കായി 4,10,921 രൂപയുമാണ് ആയിട്ടുള്ളതെന്നാണ് എന്റെ കൈവശം വന്നിട്ടുള്ള രേഖയിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. ഒരു ഇൻസ്പെക്ടർ വണ്ടിയിലുണ്ടെന്നുള്ളത് ആശ്വാസകരമായ കാര്യമാണ്. കാരണം പീക്ക് ഔവ്വേഴ്സിൽ വളരെയധികം യാത്രക്കാർ ബസ് സ്റ്റോപ്പുകളിൽ നിൽക്കുമ്പോൾ, വരുന്ന വണ്ടി നിറുത്താതെ പോകുന്നുവെന്നുള്ള ആക്ഷേപങ്ങൾ യാത്രക്കാരിൽനിന്നും ബസ് പാസഞ്ചേഴ്സ് അസോസിയേഷൻ കിട്ടിയതിനെത്തുടർന്ന് ഇങ്ങനെ നിറുത്താതെ പോകുന്ന ബസ്സുകൾ ബസ്സ് സ്റ്റോപ്പിൽ നിറുത്തുന്നതിന് ട്രാൻസ് മൊബൈൽ ഇൻസ്പെക്ടറുടെ സേവനം വളരെയേറെ പ്രയോജനപ്പെടുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

* 452 [482] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
എം. കെ. കേശവൻ:
,, വി. കെ. രാജൻ:
,, പി. കുമാരൻ:

ഡോക്ടർ എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് ആഫീസുകൾ അനുവദിക്കുന്നതിന് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്ത്?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): റവന്യൂ ജില്ലാ തലസ്ഥാനങ്ങളിൽ ഡിവിഷണൽ / ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും 25,000 വരുന്ന ജനസംഖ്യയോ 10,000 വരുന്ന മാനവശേഷിയോ ഉള്ള മുനിസിപ്പാലിറ്റികളിലും സ്ഥലങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും തുടങ്ങുക എന്ന മാനദണ്ഡമാണ് ഇപ്പോൾ നിലവിലുള്ളത്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഈ മാനദണ്ഡമനുസരിച്ചുതന്നെ ഇനിയും എത്രയോ സ്ഥലങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങേണ്ടതായിട്ടുണ്ടെന്നുള്ള വിവരം ഗവൺമെന്റിനറിയാമോ? ആ കുറവു തീർക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, ഈ മാനദണ്ഡമുപയോഗിച്ചാണെങ്കിൽ ധാരാളം സ്ഥലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: ഈ എംപ്ലോയ്മെൻറ് എക്സ് ചേഞ്ചുകളിൽ കാണുന്ന പൊതുവെയുള്ള മനോഭാവം കഴിയുന്നിടത്തോളം രജിസ്ട്രേഷൻറെ എണ്ണം ചുരുക്കുക എന്നുള്ളതാണെന്ന് ഈ ഗവൺമെൻറിനറിയാമോ? അതുകൊണ്ട് അവരോട് ദയവായി പെരുമാറുകയും തൊഴിലിനുള്ള അവകാശമില്ലാത്തവർക്കു പേര് രജിസ്റ്റർ ചെയ്യാനുള്ള അവകാശമെങ്കിലും കൊടുക്കത്തക്കവണ്ണം മറ്റൊരു സമീപനരീതി സ്വീകരിക്കണം. അതിന് ഈ എംപ്ലോയ്മെൻറ് ഡിപ്പോർട്ടുമെൻറിന് നിർദ്ദേശം കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: സർ, അങ്ങനെയുള്ള ഒരു സമീപനം ഓഫീസുകളിൽ ഉള്ളതായിട്ട് ഗവൺമെൻറിന് അറിയില്ല. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ വരുന്ന എല്ലാ ആളുകൾക്കും പരിപൂർണ്ണമായി രജിസ്ട്രേഷൻ അനുവദിക്കണം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിലയ്ക്ക് അതിനാവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. എം. കെ. കേശവൻ: സർ, ഏറ്റവും അവസാനമായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് സ്ഥാപിച്ചത് ഏതു താലൂക്കിലാണ്? അവിടെ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളവരുടെ അംഗസംഖ്യ എത്രയാണ്? വൈക്കം താലൂക്കിലും പെരിന്തൽമണ്ണ താലൂക്കിലും തൊഴിലിനുവേണ്ടി അപേക്ഷിച്ചിട്ടുള്ളവരുടെ രജിസ്ട്രേഷൻ സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: സർ, അവസാനമായി ഇപ്പോൾ പരിഗണിച്ചുവരുന്നത് തിരുവല്ല, കൊട്ടാരക്കര, പെരിന്തൽമണ്ണ, നോർത്ത് പറവൂർ, ചാവക്കാട്, കൊടുങ്ങല്ലൂർ, ഷൊർണൂർ, ഒറ്റപ്പാലം, ഹോസ്ദുർഗ് എന്നീ സ്ഥലങ്ങളാണ്. അവസാനം എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് സ്ഥാപിച്ചത് കൊയിലാണ്ടിയിലാണ്. ഒന്നുരണ്ടാഴ്ചയ്ക്കുള്ളിൽ തുടങ്ങാൻ വേണ്ടി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിയിട്ടുള്ളത് കൊയിലാണ്ടിയിലാണ്. കൊയിലാണ്ടിയിൽ ഈ പറഞ്ഞ മാനദണ്ഡങ്ങളൊക്കെ ഉണ്ട്.

ശ്രീ. എം. കെ. കേശവൻ: സർ, ഈ 19,000 അപേക്ഷകരുള്ള തിരുവല്ല താലൂക്കും, 52,000 അപേക്ഷകരുള്ള കൊയിലാണ്ടി താലൂക്കും അതിനു താഴെ അംഗസംഖ്യയുള്ള പെരിന്തൽമണ്ണയും 76,000 അപേക്ഷകരുള്ള വൈക്കം താലൂക്കുമുണ്ട്. ഇതു പരിഗണിക്കുമ്പോൾ ഏതു സ്ഥലമാണ് പരിഗണന കൊടുക്കേണ്ടത്?

ശ്രീ. കെ. ശിവദാസൻ: സർ, കൊയിലാണ്ടിയുടെ മാത്രം പരിഗണന വച്ചിട്ടല്ല മലബാർ പ്രദേശമെന്നുള്ള പരിഗണന കൂടി വച്ചുകൊണ്ടാണ് കൊയിലാണ്ടിയിൽ ഒരു എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് കൊടുത്തിട്ടുള്ളത്.

ശ്രീ. വി. കെ. രാജൻ: സർ, ബഹുമാനപ്പെട്ട മന്ത്രി എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് സ്ഥാപിച്ചിട്ടുള്ളതിൻറെ ലിസ്റ്റ് ഇവിടെ വായിച്ചു. ആ വായിച്ച ലിസ്റ്റു പ്രകാരവും ശ്രീ. കേശവൻറെ ചോദ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനു ലഭിച്ച മറുപടി പ്രകാരവും അവർക്ക് ആർക്കും ഇതു കിട്ടാൻ പോകുന്നില്ല എന്ന് ഉറപ്പായി. അതുകൊണ്ട് ഏറ്റവും കൂടുതൽ അപേക്ഷകരുള്ള കേന്ദ്രങ്ങളിൽ സ്ഥാപിക്കാൻ ഗവൺമെൻറ് നടപടിയെടുക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, അതു മാത്രം ഒരു മാനദണ്ഡമായി എടുക്കാൻ പാറുകയില്ല. ആ സ്ഥലത്തിൻെറ വികാസം അതിൻെറ പിന്നോക്കാവസ്ഥ അതെല്ലാംകൂടി നോക്കിയിട്ടാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് അനുവദിക്കുന്നത്.

ശ്രീ. വി. കെ. രാജൻ: സർ, ഞാൻ ചോദിക്കുന്നത്, കൊടുങ്ങല്ലൂർ അതിൽ ഉൾപ്പെടുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സാഹചര്യങ്ങളിൽ അവിടെ അംഗസംഖ്യയുണ്ട്. ആളുകളും കൂടുതലുണ്ട്. വളരെയേറെ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന പ്രദേശമാണ്. അതിൻെറ അടിസ്ഥാനത്തിൽ ആ ലിസ്റ്റിൻെറ പരിഗണന വച്ചുകൊണ്ട് കൊടുങ്ങല്ലൂരിൽ ഇതു അനുവദിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: സർ, ഞാൻ ഇവിടെ വായിച്ച മാനദണ്ഡമനുസരിച്ച് എത്രയോ അധികം ഇനിയും ഉണ്ടാകേണ്ടതുണ്ട്. പതിനായിരമെന്നു പറഞ്ഞത് അൻപതിനായിരമോ അറുപതിനായിരമോ ജനസംഖ്യ ഉള്ളിടത്താണ്. സാമ്പത്തികമായ പരിമിതി മാത്രമാണ് അതിനു തടസ്സമായി നിൽക്കുന്നത്. കൊടുങ്ങല്ലൂരും ഉൾപ്പെടുത്തുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യാം.

ശ്രീ. പി. കുമാരൻ: സർ, മണ്ണാർക്കാട് താലൂക്കിൽ ഒരു എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അട്ടപ്പാടിപോലുള്ള ട്രൈബൽ പ്രദേശമുൾപ്പെട്ടതാണ് മണ്ണാർക്കാട്.

ശ്രീ. കെ. ശിവദാസൻ: സർ, ഈ മാനദണ്ഡത്തിലുൾപ്പെടുന്ന എല്ലാ സ്ഥലത്തിനും ഓരോ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു കിട്ടാൻ അവകാശമുണ്ട്. ഗവൺമെൻറിനു അതു കൊടുക്കാൻ ബാദ്ധ്യതയുള്ളതാണ്, സാമ്പത്തിക പരിമിതികൂടി വച്ചുകൊണ്ട് ആ കാര്യങ്ങളൊക്കെ നടപ്പാക്കും.

ശ്രീ. പി. കുമാരൻ: സർ, ആദിവാസികൂടിയുള്ള പാലക്കാട് ജില്ലയിൽ എത്ര ആളുകളുടെ രജിസ്ട്രേഷൻ ഇപ്പോൾ നിലവിലുണ്ട്?

ശ്രീ. കെ. ശിവദാസൻ: സർ, പ്രത്യേകമായി നോട്ടീസ് കിട്ടാതെ ഈ ചോദ്യത്തിന് ഉത്തരം പറയാൻ നിവൃത്തിയില്ല.

Dr. A. Subha Rao: Sir, will the Government consider the strengthening of the Employment Exchange Branch Office at Manjeswar and opening a new Employment Exchange Office at Badiyaduka for the benefit of the Kannada linguistic minorities of that area?

ശ്രീ. കെ. ശിവദാസൻ: സർ, പുതിയ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ കാര്യം പരിശോധിക്കുന്ന കൂട്ടത്തിൽ അക്കാര്യവും പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Dr.A.Subba Rao: Sir, in view of the complaints that the Kannada linguistic minorities do not get proper representation in the Employment Exchanges at Kasaragod, thereby decreasing the Employment opportunities to them, may I know, will the Government consider employing more Kannada hands in these Offices?

ശ്രീ. കെ. ശിവദാസൻ: സർ, അങ്ങനെയുള്ള പരാതി ഉണ്ടെന്ന അടിസ്ഥാനത്തിൽ കന്നട അറിയാവുന്ന ഒരാളിനെ അവിടെ പോസ്റ്റു ചെയ്യാൻ വേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. എ. സി. ജോസ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് അപേക്ഷകരുടെ ബാഹുല്യവും മറ്റും പരിഗണിച്ചാണു് ഇതു കൊടുക്കുന്നതെന്നാണു്. ഈ കോസ്റ്റൽ ഏരിയായിൽ വ്യവസായ കേന്ദ്രവും എല്ലാം കൂടി ഒത്തുചേർന്നുള്ള പറവൂർ തുടങ്ങിയ താലൂക്കുകൾ ആണു് ആലുവായുമായി ബന്ധപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു് പറവൂരും കൊച്ചിൻ താലൂക്കിന്റെ ചില ഭാഗങ്ങളും ഉൾപ്പെടുത്തി പറവൂർ താലൂക്കിന്റെ തലസ്ഥാനത്തു് ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു് തുടങ്ങുന്നതിനെപ്പറ്റി പരിഗണിച്ചുകൊണ്ടിരിക്കുകയാണു്. അതു് ഉടനെ ആരംഭിക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, ബഹുമാനപ്പെട്ട മെമ്പറുടെ തന്നെ അപേക്ഷ ഇക്കാര്യത്തിൽ കിട്ടിയിട്ടുണ്ടു്. അതു പരിഗണനയ്ക്കായി പ്രോസസ് ചെയ്യുന്നതിനു് അയച്ചിട്ടുണ്ടു്.

ശ്രീ. പി. വി. മുഹമ്മദ്: സർ, കേരളത്തിൽ ജനസംഖ്യ കൂടുതലുള്ള ഏറ്റവും വലിയ താലൂക്കുകളിൽ ഒന്നാണു് കോഴിക്കോടു് താലൂക്കു്. ആ കോഴിക്കോടു് താലൂക്കിൽപ്പെട്ട കൊടുവള്ളി ആസ്ഥാനമായി താലൂക്കു് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, അതിനു് റികമ്മന്റ് കിട്ടിയിട്ടുണ്ടു്. അതു് പരിഗണിക്കും.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, മുനിസിപ്പാലിറ്റികളും, ടൗൺഷിപ്പു്, താലൂക്കു് കേന്ദ്രങ്ങളും എന്നീ പ്രദേശങ്ങൾക്കു് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു് സ്ഥാപിക്കുമ്പോൾ മുൻഗണന കൊടുക്കാറുണ്ടോ? പാലക്കാടു് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു് രജിസ്റ്റർ ചെയ്യാൻ വേണ്ടി എല്ലാ സമയത്തും ലാത്തിച്ചാർജു് നടന്നുകൊണ്ടിരിക്കുകയാണു്. അതു് കണക്കിലെടുത്തു് ഒറ്റപ്പാലത്തും ആലത്തൂരും ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു് തുറക്കുന്നതിനു് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, ഒറ്റപ്പാലം ഇപ്പോൾത്തന്നെ ലിസ്റ്റിലുണ്ടു്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു് തുറക്കുന്നതിനു് ടൗൺഷിപ്പിനും താലൂക്കിനുമാണു് പ്രയോറിറ്റി കൊടുക്കുന്നതു്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, വയനാടു് ജില്ലയിൽ ആദിവാസികൾക്കു് രജിസ്ട്രേഷൻ സൗകര്യം കിട്ടുന്നതിനു് മൊബൈൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു് ഏർപ്പെടുത്തിയിട്ടുണ്ടു്. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല. ഉദ്യോഗസ്ഥൻമാർ ശമ്പളം വാങ്ങുന്ന ഏർപ്പാട് മാത്രമായി അത് മാറിയിരിക്കുകയാണ്. അതിന്റെ പ്രവർത്തനം ഫലപ്രദമാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, അതിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടോയെന്നു പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, പാലക്കാട് ജില്ലയിൽ ഇപ്പോൾ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചേയുള്ളൂ. അപേക്ഷകരുടെ ബാഹുല്യമാണ് പുതിയ എംപ്ലോയ്മെന്റ് സ്ഥാപിക്കുന്നതിന് മാനദണ്ഡമാക്കുന്നതെന്ന് മന്ത്രി ഇവിടെ പറഞ്ഞു. പാലക്കാട് ജില്ല ഒരു കാർഷിക മേഖലയെന്നുള്ള നിലയിൽ വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ്. തൊഴിലില്ലാത്തവരുടെ എണ്ണം ധാരാളമാണ്. അതുകൊണ്ട് ഏറ്റവും കൂടുതൽ അപേക്ഷകർ ഇപ്പോഴുള്ള ഒരു പ്രദേശമെന്നുള്ള നിലയിൽ അവിടെ ഷൊർണൂർ കേന്ദ്രമാക്കി ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുറക്കണമെന്ന് നിർദ്ദേശം നിലവിലിരിക്കുന്നു. അത് പരിഗണിച്ചുകൊണ്ട് അടിയന്തിരമായി ഷൊർണൂർ കേന്ദ്രമാക്കി മണ്ണാർക്കാട്, ഒറ്റപ്പാലം താലൂക്കുകൾ കേന്ദ്രീകരിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങുന്നതിന് നടപടിയെടുക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, ഏഴാം പദ്ധതിയിൽ പ്രൊപ്പോസ് ചെയ്യുന്നതിന് ഉണ്ടാക്കിയിട്ടുള്ള 9 എണ്ണത്തിന്റെ ലിസ്റ്റിൽ ഷൊർണൂരും ഒറ്റപ്പാലവുമുണ്ട്.

ഷെഡ്യൂളുകളിലെ അപാകത

* 453 [483] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പല ഡിപ്പോകളിലും യാത്രാത്തിരക്കുള്ള റൂട്ടുകളിൽ വാഹനം ഓടിക്കാതെ യാത്രക്കാർ കുറവുള്ള റൂട്ടുകളിൽ വാഹനം ഓടിക്കുന്നത് ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇത് നിറുത്തി ഇത് റീഷെഡ്യൂൾ ചെയ്ത് യാത്രക്കാർ കൂടുതലുള്ള റൂട്ടുകളിൽ വാഹനം ഓടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എസ്. ആർ. തങ്കരാജ്: പല ഡിപ്പോകളിലും യാത്രക്കാർ വളരെ നേരം കാത്ത് നിൽക്കുമ്പോൾ യാത്രക്കാരില്ലാത്ത റൂട്ടുകളിൽ ബസ്സോടിക്കുന്നത് വ്യക്തികളുടെ ഇൻറാസ്റ്റ് നിലനിർത്താൻവേണ്ടിയാണെന്നാണ് പറയുന്നത്. വ്യക്തികളുടെ ഇൻറാസ്റ്റല്ല, സമൂഹത്തിന്റെ ഇൻറാസ്റ്റ് കണക്കിലെടുത്ത് ആ വരുമാനമില്ലാത്ത ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ട് ജനബാഹുല്യമുള്ള സ്ഥലങ്ങളിലേക്ക് വണ്ടി ഓടിക്കാൻവേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly